# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 619 - 11/07/2012-ലെ മറുപടിക്ക്**

കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ പ്രവർത്തനം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. എം.പി. അബ്ദുൾസ്സമദ് സമദാനി :**<br>**ശ്രീ. സി. മോയിൻകുട്ടി :**<br>**ശ്രീ. പി.കെ. ബഷീർ :**<br>**ശ്രീ. എം. ഉമ്മർ :** | | **ശ്രീ.കെ.എം.മാണി**<br>**ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി** |
| (എ) | കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ പ്രവർത്തനം കൂടുതൽ ജനോപകാരപ്രദവും വ്യാപകവുമാക്കാനുദ്ദേശിച്ചുള്ള പരിഷ്കരണ നടപടികളെന്തെങ്കിലും പരിഗണനയിലുണ്ടോ ; | ഉണ്ട്.<br>കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ പ്രവർത്തനം കൂടുതൽ ജനോപകാരപ്രദമാക്കുന്നതിനായി താഴെപ്പറയുന്ന പരിഷ്കാരങ്ങൾ/പദ്ധതികൾ നടപ്പിലാക്കി കഴിഞ്ഞു.<br>1. കേരള സ്വയംസംരംഭക വികസന മിഷന്റെ പദ്ധതി ആവിഷ്കാരം.<br>2. ഏറ്റെടുത്ത ആസ്തികളുടെ ഇ-ടെണ്ടർ വഴിയുള്ള വിൽപന<br>3. വായ്പാ കണക്കുകളും ഓഫീസ് നടപടി ക്രമങ്ങളും പൂർണ്ണമായും കമ്പ്യൂട്ടർ വത്കരിക്കൽ<br>4. പുതുമയാർന്ന കെ.എഫ്.സി. വെബ് സൈറ്റ്<br>5. സംരംഭകർക്ക് വിവരങ്ങൾ ലഭ്യമാക്കുന്നതിനായി എം.ഗവേണൻസ്.<br>6. കൂടുതൽ ലളിതമായ വായ്പാനയം.<br>7. പദ്ധതികളുടെ വസ്തുനിഷ്ഠമായ വിലയിരുത്തലും (objective credit rating) പലിശ ഇളവും.<br>ഇവ കൂടാതെ, താഴെപ്പറയുന്ന പുതിയ പരിഷ്കാരങ്ങളും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.<br>1. വിനോദ മേഖലയ്ക്കുള്ള നവീന വായ്പാ പദ്ധതികൾ.<br>2. കെ.എഫ്.സി വിറ്റ ആസ്തികളുടെ വിൽപനാനന്തര സേവനം.<br>3. സാങ്കേതിക സാമ്പത്തിക പരിശീലന അക്കാദമി. |

| | | |
|---|---|---|
| (ബി) | ഈ സ്ഥാപനം വഴി നൽകുന്ന വായ്പകളുടെ പലിശനിരക്ക് പരമാവധി കുറയ്ക്കാനും സംരംഭകർക്ക് മതിയായ സാമ്പത്തിക സംരക്ഷണം ഉറപ്പുവരുത്താനും സഹായകരമായ വിധത്തിലുള്ള പദ്ധതികളെക്കുറിച്ച് ആലോചിക്കുമോ ; | കെ.എഫ്.സി കുറഞ്ഞ പലിശ നിരക്കിലാണ് വായ്പകൾ അനുവദിക്കുന്നത്. കൂടാതെ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് 1 % പലിശ ഇളവും നൽകുന്നുണ്ട്. പദ്ധതികളെ വസ്തുനിഷ്ഠമായി വിലയിരുത്തുകയും ഒബ്ജക്ടീവ് ക്രെഡിറ്റ് റേറ്റിംഗ് നടത്തി അർഹതപ്പെട്ടവർക്ക് 1% മുതൽ 2% വരെ പലിശയിൽ അധിക ഇളവും നൽകുന്നുണ്ട്. സംരംഭകർക്ക് മതിയായ സാമ്പത്തിക സംരക്ഷണം ഉറപ്പുവരുത്തുന്നതിന് ഏറ്റവും കൂടിയ മോറട്ടോറിയവും തിരിച്ചടവ് കാലാവധിയും അനുവദിക്കുന്നു. കൂടാതെ ആവശ്യമനുസരിച്ച് വായ്പകൾക്ക് റിഹാബിലിറ്റേഷനും(Rehabilitation) നൽകുന്നു. കെ.എഫ്.സി വായ്പാ പദ്ധതികൾ ആവശ്യമനുസരിച്ച് സമയാസമയങ്ങളിൽ പരിഷ്കരണത്തിന് വിധേയമാക്കുന്നുണ്ട്. |
| (സി) | ഈ സ്ഥാപനത്തിന്റെ നിലവിലെ പ്രവർത്തനഫലമായി ഏതൊക്കെ മേഖലകൾക്കാണ് പ്രയോജനം ലഭിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ? | താഴെപ്പറയുന്ന മേഖലകൾക്കാണ് കെ.എഫ്.സി. വഴി പ്രയോജനം ലഭിച്ചിട്ടുള്ളത്.<br>1. എല്ലാ മേഖലകളിലെയും നിർമ്മാണ പദ്ധതികൾ.<br>2. സർവ്വീസ് മേഖല.<br>3. ആതിഥേയ മേഖല<br>4. വിപണന രംഗത്തെ പദ്ധതികൾ<br>5. വിനോദമേഖലകൾ<br>6. അടിസ്ഥാന സൗകര്യ മേഖലകൾ<br>7. ഊർജ്ജദായക പദ്ധതികൾ<br>8. റിയൽ എസ്റ്റേറ്റ് മേഖല<br>9. ഉൽപാദക സംസ്കരണ മേഖലയും മറ്റു മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ യൂണിറ്റും |

സെക്ഷൻ ഓഫീസർ